# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2289 10/10/2011-ൽ മറുപടിക്ക്

### ആദിവാസി ഭൂപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ് | | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | ആദിവാസികളുടെ ഭൂമിപ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ ; | എ | ആദിവാസികളുടെ ഭൂമിപ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ 2001 ൽ ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിക്കുകയും ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തി വരികയുമാണ്. ഇതുവരെയായി 6251 കുടുംബങ്ങൾക്ക് 8417.34 ഏക്കർ ഭൂമി വിതരണം നടത്തി. ആറളം ഫാമിൽ ലഭ്യമായ 735 ഏക്കർ ഭൂമി 735 കുടുംബങ്ങൾക്ക് ഒരേക്കർ വീതം വിതരണം നടത്തി. ഏറ്റവും കൂടുതൽ ഭൂരഹിത പട്ടികവർഗ്ഗക്കാരുള്ള വയനാട് ജില്ലയിൽ ഭൂമി വാങ്ങി വിതരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി | കേന്ദ്ര വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള സർവ്വേ എത്ര ശതമാനം പൂർത്തീകരിച്ചു ; ആയതിന്റെ പുരോഗതി അറിയിക്കുമോ ; | ബി | കേന്ദ്ര വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് നൽകുന്നതിനുള്ള ഭൂമിയുടെ സർവ്വേ 90.4 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. വനാവകാശങ്ങൾക്കുള്ള 32070 വ്യക്തിഗത അപേക്ഷകളിൽ 28991 എണ്ണത്തിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| സി | ആദിവാസികൾക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ - വനം വകുപ്പുകൾക്കിടയിൽ തർക്കങ്ങൾ നിലനിൽക്കുന്നുണ്ടോ ; | സി | ആദിവാസികൾക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ - വനം വകുപ്പുകൾക്കിടയിൽ തർക്കങ്ങൾ നിലനിൽക്കുന്നതായി അറിയില്ല. |
| ഡി | ആദിവാസി ഭൂപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | ഡി | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ